**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2236** **05-02-2026 - ൽ മറുപടിയ്ക്ക്**

**അവയവദാനവുമായി ബന്ധപ്പെട്ട നിയമ വിഷയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവദാനം എന്താണെന്ന് വിശദമാക്കാമോ; ജീവിച്ചിരിക്കുമ്പോഴുള്ളതും മരണാനന്തരമുള്ളതുമായ അവയവദാനങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കാമോ; | (എ) | ഒരു വ്യക്തി, താൻ ജീവിച്ചിരിക്കെത്തന്നെയോ, മരണശേഷമോ, തന്റെ അവയവങ്ങളോ, അവയവത്തിന്റെ ഒരു ഭാഗമോ, ശരീരകലകളോ അവയവസ്തംഭനം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന മറ്റൊരു വ്യക്തിയുടെ ചികിത്സാർത്ഥം ദാനം ചെയ്യുന്നതിനെയാണ് അവയവദാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അവയവമാറ്റ ശസ്ത്രക്രിയയിലൂടെ മാത്രമേ അവയവസ്തംഭനം സംഭവിച്ച വ്യക്തിക്ക് ജീവൻ നിലനിർത്താൻ കഴിയൂ എന്ന സാഹചര്യത്തിലാണ് അവയവദാനത്തിന് വലിയ പ്രാധാന്യം ഉണ്ടാകുന്നത്. ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനം (Living Organ Donation) എന്നത് ഒരു വ്യക്തി ജീവനോടെയിരിക്കെ തന്റെ ഒരു അവയവമോ അവയവത്തിന്റെ ഭാഗമോ (ഉദാഹരണം: ഒരു വൃക്ക, കരളിന്റെ ഒരു ഭാഗം), ശരീരകലകളോ മറ്റൊരു രോഗിക്ക് ദാനം ചെയ്യുന്നതാണ്. സാധാരണയായി അടുത്ത ബന്ധുക്കൾക്കിടയിലോ നിയമപരമായ അനുമതിയോടു കൂടിയോ മാത്രമാണ് ഇത്തരം അവയവദാനങ്ങൾ അനുവദിക്കുന്നത്. ദാതാവിന്റെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കർശനമായ വൈദ്യപരവും നിയമപരവുമായ പരിശോധനകൾ ഇത്തരം അവയവമാറ്റത്തിന് മുമ്പ് നടത്തപ്പെടുന്നു.<br><br>മരണാന്തര അവയവദാനം (Deceased Organ Donation) എന്നത് മസ്തിഷ്കമരണം (Brain Death) സ്ഥിരീകരിച്ച വ്യക്തിയിൽ നിന്ന്, ആളുടെ അടുത്ത ബന്ധുക്കളിൽ നിന്നും നിയമാനുസൃത സമ്മതം ലഭിച്ചതിന് ശേഷം, അവയവങ്ങൾ ശേഖരിച്ച് വിവിധ രോഗികൾക്ക് മാറ്റിവയ്ക്കുന്നതാണ്. ഈ സാഹചര്യത്തിൽ ഹൃദയം, ശ്വാസകോശം, കരൾ, വൃക്കകൾ, പാൻക്രിയാസ്, കൈകൾ, ചെറുകുടൽ എന്നീ അവയവങ്ങളും ത്വക്ക്, കോർണിയ, എല്ല്, |

| | | | |
|---|---|---|---|
| | | | ഹൃദയവാൽവ് എന്നീ കലകളും ദാനം ചെയ്യാൻ സാധിക്കുന്നു. ഒരാൾക്ക് മരണാന്തര അവയവദാനത്തിലൂടെ നിരവധി രോഗികളുടെ ജീവൻ രക്ഷിക്കാൻ കഴിയും എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.<br><br>ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനവും മരണാന്തര അവയവദാനവും തമ്മിൽ ദാനത്തിന്റെ സമയം, ദാനം ചെയ്യാവുന്ന അവയവങ്ങളുടെ സ്വഭാവം, നിയമപരമായ നടപടിക്രമങ്ങൾ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. |
| (ബി) | അവയവദാനം സമൂഹത്തിന് നൽകുന്ന ആരോഗ്യപരവും മാനവികവുമായ പ്രാധാന്യം എന്തൊക്കെയാണ്; | (ബി) | അവയവസ്തംഭനം മൂലം ജീവൻ അപകടത്തിലായ രോഗികൾക്ക് അവയവമാറ്റ ശസ്ത്രക്രിയയിലൂടെ പുതുജീവിതം ലഭിക്കാൻ അവയവദാനം സഹായിക്കുന്നു. വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം തുടങ്ങിയ പ്രധാന അവയവങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നതിലൂടെ മരണനിരക്ക് കുറയ്ക്കാനും രോഗികളുടെ ജീവിതനിലവാരം ഗണ്യമായി മെച്ചപ്പെടുത്താനും അവയവദാനം സാധ്യമാക്കുന്നു. കൂടാതെ, ദീർഘകാല ചികിത്സകളിലും ഡയാലിസിസ് പോലുള്ള പിന്തുണാ ചികിത്സകളിലുമുള്ള ആശ്രയം കുറയുന്നതിനാൽ ആരോഗ്യസംവിധാനത്തിന്മേൽ വരുന്ന സാമ്പത്തികഭാരം കുറയ്ക്കാനും ഇത് സഹായിക്കുന്നു.<br><br>മാനവികതയുടെ വീക്ഷണത്തിൽ അവയവദാനം പരമമായ മനുഷ്യസ്നേഹവും സാമൂഹിക ഉത്തരവാദിത്വവും പ്രതിഫലിപ്പിക്കുന്ന ഒരു മഹത്തായ ദാനപ്രവർത്തനമാണ്. ഒരു വ്യക്തിയുടെ അവയവദാന തീരുമാനത്തിലൂടെ പലരുടെയും ജീവൻ രക്ഷിക്കാനും കുടുംബങ്ങൾക്ക് പുതിയ പ്രതീക്ഷയും ആശ്വാസവും നൽകാനും കഴിയും. ഇത് സമൂഹത്തിൽ പരസ്പരസഹായവും സഹാനുഭൂതിയും വളർത്തുകയും ജീവൻ എന്ന മൂല്യത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. |
| (സി) | അവയവദാനവുമായി ബന്ധപ്പെട്ട നിയമപരമായ വ്യവസ്ഥകളും നൈതിക വിഷയങ്ങളും വിശദീകരിക്കാമോ; | (സി) | മനുഷ്യജീവിതത്തോടും മനുഷ്യാവകാശങ്ങളോടും നേരിട്ട് ബന്ധപ്പെട്ട് നിൽക്കുന്നതിനാൽ അവയവദാനവുമായി ബന്ധപ്പെട്ട നിയമപരവും നൈതികവുമായ വിഷയങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്.<br><br>**നിയമപരമായ വിഷയങ്ങൾ:**<br><br>അവയവദാനം രാജ്യത്തെ നിലവിലുള്ള നിയമങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസൃതമായി മാത്രമേ നടത്താനാവുകയുള്ളു. ഇന്ത്യയിൽ അവയവദാനം Transplantation of |

Human Organs and Tissues Act (THOTA), 1994, പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. ഈ നിയമം അവയവദാനത്തിനും അവയവമാറ്റ ശസ്ത്രക്രിയയ്ക്കുമുള്ള നിയമപരമായ നടപടിക്രമങ്ങൾ, ദാതാവിന്റെയും സ്വീകർത്താവിന്റെയും അവകാശങ്ങൾ, അനുമതികൾ, പരിശോധനകൾ എന്നിവ വ്യക്തമായി നിർവചിക്കുന്നു. അനധികൃത അവയവവ്യാപാരം തടയുക, ദാതാക്കളുടെ സമ്മതം (Informed Consent) ഉറപ്പാക്കുക, മസ്തിഷ്കമരണം ശാസ്ത്രീയമായി സ്ഥിരീകരിക്കുക എന്നിവയാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ നിയമത്തിന്റെ കീഴിൽ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യു അമെൻഡ്മെന്റ് ആക്ട്, 2011, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യു റൂൾസ്, 2014 എന്നിവ അവയവദാനം പൂർണമായും സുതാര്യതയോടു കൂടി നടത്താൻ സഹായിക്കുന്നു.

**നൈതിക വിഷയങ്ങൾ:**

നൈതികതയുടെ അടിസ്ഥാനത്തിൽ, അവയവദാനം പൂർണ്ണമായും സ്വമേധയാ, സമ്മർദ്ദമില്ലാതെയും പ്രലോഭനമില്ലാതെയും നടക്കേണ്ടതാണ്. ദാതാവിന് തന്റെ ശരീരത്തിന്മേലുള്ള അവകാശവും തീരുമാനം എടുക്കാനുള്ള അധികാരവും മാനിക്കപ്പെടുന്ന രീതിയിലാണ് നടപടിക്രമങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ജീവിച്ചിരിക്കെയുള്ള അവയവ ദാനത്തിൽ, ദാതാവിന്റെ ആരോഗ്യവും സുരക്ഷയും ആദ്യ പരിഗണനയായിരിക്കണം. ജീവിച്ചിരിക്കെ അവയവദാനം നടത്തുന്നതിന്, ബന്ധുക്കൾക്ക് അവയവം നൽകുന്നതിന് ഹോസ്പിറ്റൽ ലെവൽ കോംപീറ്റന്റ് അതോറിറ്റിയുടെയും ബന്ധുവേതര അവയവദാനത്തിൽ ജില്ലാതല ഓതറൈസേഷൻ കമ്മറ്റിയുടെയും അനുമതി തേടേണ്ടതാണ്. നിയമപരമായും നൈതീകതയുടെയും പരിരക്ഷ ഉറപ്പുവരുത്തുക എന്നതാണ് ഈ സമിതിയുടെ പ്രധാന ഉത്തരവാദിത്തം. അവയവദാനത്തിൽ, മരിച്ച വ്യക്തി മുൻപ് പ്രകടിപ്പിച്ചിട്ടുള്ള ആഗ്രഹവും കുടുംബത്തിന്റെ മാനസികാവസ്ഥയും മത-സാംസ്കാരിക വിശ്വാസങ്ങളും ആദരവോടെ പരിഗണിക്കപ്പെടുന്നുണ്ട്. അവയവങ്ങളുടെ നീതിയുക്തമായ വിതരണം (Equitable Allocation) ഉറപ്പാക്കുകയും, സാമ്പത്തികമോ സാമൂഹികമോ ആയ വിവേചനം ഒഴിവാക്കുകയും ചെയ്യുന്നതും പ്രധാന നൈതിക ബാധ്യതയാണ്.

| | | | |
|---|---|---|---|
| (ഡി) | അവയവദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും സാമൂഹിക തടസ്സങ്ങളും എന്തൊക്കെയാണ്; അവ മറികടക്കാൻ സ്വീകരിക്കാവുന്ന മാർഗങ്ങൾ വിശദീകരിക്കാമോ; | (ഡി) | അവയവദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും സാമൂഹിക തടസ്സങ്ങളും അവയവദാനത്തിന്റെ വ്യാപനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകങ്ങളാണ്. അവയവദാനം ചെയ്താൽ ശരീരം പൂർണ്ണമായി സംസ്കരിക്കാനോ ദഹിപ്പിക്കാനോ കഴിയില്ലെന്ന വിശ്വാസം, അവയവദാനം ചെയ്താൽ മരണാനന്തരജീവിതത്തെ ബാധിക്കും എന്ന മതപരമായ തെറ്റിദ്ധാരണകൾ, മസ്തിഷ്കമരണം യഥാർത്ഥ മരണമല്ല എന്ന ധാരണ, ദാനം ചെയ്താൽ ചികിത്സയിൽ അശ്രദ്ധ കാണിക്കും എന്ന ഭയം, ദാതാവിന് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുമോ എന്ന തെറ്റിദ്ധാരണ എന്നിവ പൊതുസമൂഹത്തിൽ വ്യാപകമായി കാണപ്പെടുന്നു. കൂടാതെ, അവയവദാനം വഴി അവയവവ്യാപാരം നടക്കുന്നു എന്ന ആശങ്കയും ചിലർക്കിടയിൽ നിലനിൽക്കുന്നുണ്ട്.<br><br>കുടുംബാംഗങ്ങളുടെ എതിർപ്പ്, മാനസിക സമ്മർദ്ദം മൂലം സമയബന്ധിതമായി തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യം, മത-സാംസ്കാരിക വിശ്വാസങ്ങൾ, മതിയായ വിവരങ്ങളുടെയും ബോധവൽക്കരണത്തിന്റെയും അഭാവം, സാമൂഹിക അപകീർത്തിയെന്ന ഭയം തുടങ്ങിയവയാണ് പ്രധാന സാമൂഹിക തടസ്സങ്ങൾ.<br><br>ഈ തെറ്റിദ്ധാരണകളും തടസ്സങ്ങളും മറികടക്കുന്നതിനായി വ്യാപകമായ പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ശാസ്ത്രീയമായി ശരിയായ വിവരങ്ങൾ മാധ്യമങ്ങളിലൂടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും, ആരോഗ്യ സ്ഥാപനങ്ങളിലൂടെയും സമൂഹത്തിലെത്തിക്കുന്നതിന് കെ-സോട്ടോ മുൻകൈ എടുക്കുന്നു. ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർ വഴി കുടുംബങ്ങൾക്ക് കൗൺസലിംഗ് നൽകുകയും, മസ്തിഷ്കമരണവും അവയവദാന പ്രക്രിയയും സുതാര്യമായി വിശദീകരിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിനുപുറമെ, പൊതുജന സാന്നിധ്യം കൂടുതലുള്ള റെയിൽവേ സ്റ്റേഷനുകളിലും കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡുകളിലും അവയവദാനത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന ഓഡിയോ-വീഡിയോ അനൗൺസ്മെന്റുകൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ആകാശവാണിയുടെ സംസ്ഥാനത്തെ മുഴുവൻ സ്റ്റേഷനുകളും സംയോജിപ്പിച്ച് ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന പ്രത്യേക ബോധവൽക്കരണ |

| | | | |
|---|---|---|---|
| | | | പരിപാടികൾ സംപ്രേഷണം ചെയ്യും. 2025-ൽ മാത്രം മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനായി 400 ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും ഈ രംഗത്തെ വിദഗ്ധർക്കായി 15 ഓളം ട്രെയിനിങ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് അവയവദാനത്തെക്കുറിച്ചുള്ള അവബോധം ജനകീയമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം കഴിഞ്ഞ വർഷം മാത്രം 100 ഓളം ബോധവത്ക്കരണ പരിപാടികൾ കെ-സോട്ടോയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ എന്റെ കേരളം, ലിറ്ററേച്ചർ ഫെസ്റ്റിവലുകൾ, ഐഎഫ്എഫ്.കെ, ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ തുടങ്ങിയ സംസ്ഥാനത്തെ എല്ലാ ഈവന്റുകളിലും സ്റ്റാളുകൾ സജ്ജീകരിച്ച് അവയവദാന ബോധവത്ക്കരണം നടത്തിവരുന്നു.<br><br>വർഷംതോറും ദേശീയ അവയവദാന ദിനത്തിൽ മരണാനന്തര അവയവദാതാക്കളെ ആദരിക്കുന്നു. നിലവിൽ 200 ഓളം ബോധവത്കരണ ക്ലാസുകൾ കെ-സോട്ടോ നടത്തിയിട്ടുണ്ട്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചും, NGOകളുമായി സഹകരിച്ചും നിരവധി പൊതു പ്രവർത്തനങ്ങൾ കെസോട്ടോ നടത്തി വരുന്നു. കൂടാതെ നിയമപരമായ സംരക്ഷണവും നടപടിക്രമങ്ങളുടെ സുതാര്യതയും ഉറപ്പാക്കുന്നതിലൂടെ പൊതുജനവിശ്വാസം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. |
| (ഇ) | അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ എന്നിവക്ക് എന്തെല്ലാം പങ്ക് വഹിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഇ) | സമൂഹത്തിന്റെ ചിന്താധാരയെ രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാധ്യമങ്ങൾക്കും ശക്തമായ സ്വാധീനമുള്ളതിനാൽ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിലും ഇവയ്ക്ക് നിർണായകമായ പങ്കുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുട്ടികളിലും യുവജനങ്ങളിലും അവയവദാനത്തെക്കുറിച്ചുള്ള ശാസ്ത്രീയബോധവും സാമൂഹിക ഉത്തരവാദിത്വബോധവും വളർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, ഡിബേറ്റ്, പോസ്റ്റർ മത്സരങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ വഴി വിദ്യാർത്ഥികളെ സജീവ പങ്കാളികളാക്കി വരുന്നു. മാധ്യമങ്ങൾ പൊതുജനങ്ങളിലേയ്ക്കുള്ള വിവര പ്രവാഹത്തിന്റെ പ്രധാന മാർഗമാണ്. അച്ചടി, ദൃശ്യ, സാമൂഹ്യമാധ്യമങ്ങൾ എന്നിവ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | അവയവദാനത്തിന്റെ പ്രാധാന്യം, ശാസ്ത്രീയ സത്യങ്ങൾ, നിയമപരമായ സംരക്ഷണങ്ങൾ എന്നിവ വ്യക്തവും സുതാര്യവുമായി അവതരിപ്പിക്കുന്നു. വിജയകരമായ അവയവമാറ്റ ശസ്ത്രക്രിയകളുടെയും ദാതാക്കളുടെയും സ്വീകർത്താക്കളുടെയും യഥാർത്ഥ ജീവിതാനുഭവങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ സമൂഹത്തിൽ പ്രചോദനവും വിശ്വാസവും വളർത്താൻ മാധ്യമങ്ങൾക്ക് കഴിയും. തെറ്റിദ്ധാരണകൾ ശാസ്ത്രീയമായി തിരുത്തുകയും, അവയവദാനത്തിന്റെ മഹത്വം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും അവയവ കച്ചവടത്തിന്റെ പ്രവണതകൾക്കെതിരെ ജാഗ്രത സൂക്ഷിക്കാനും മാധ്യമങ്ങൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്.<br><br>കെ-സോട്ടോ മുൻകൈയെടുത്ത് വിദ്യാർത്ഥികൾക്കിടയിൽ അവബോധം വളർത്തുന്നതിനായി സംസ്ഥാനതല ഓൺലൈൻ ക്വിസ് മത്സരം, മാധ്യമ പ്രവർത്തകർക്കായി കോൺക്ലേവുകൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. |
| (എഫ്) | അവയവം സ്വീകരിച്ചവർക്കും അവയവങ്ങൾ സംഭാവന ചെയ്തവർക്കും തുടർ ചികിൽസയ്ക്ക് സർക്കാർ ധനസഹായം നൽകാറുണ്ടോ; വിശദീകരിക്കാമോ? | (എഫ്) | അവയവം സ്വീകരിച്ചവർക്ക് തുടർചികിത്സയ്ക്കായി സർക്കാർ ധനസഹായം നൽകുന്ന സംവിധാനങ്ങൾ നിലവിലുണ്ട്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള തുടർചികിത്സയിൽ പ്രതിരോധക്ഷമത കുറയ്ക്കുന്ന മരുന്നുകൾ (Immunosuppressant Drugs) വാങ്ങുന്നതിന് പ്രതിമാസം 10,000/- രൂപയിൽ കവിയാതെ ഓരോ രോഗിയ്ക്കും നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം രോഗികളുടെ ഫോളോ-അപ്പ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാർ വഴി നടത്തി വരുന്നു. ജീവിച്ചിരിക്കെയുള്ള അവയവദാതാക്കൾക്ക് ശസ്ത്രക്രിയാനന്തര തുടർചികിത്സ, ആരോഗ്യപരിശോധന എന്നിവയ്ക്ക് സർക്കാർ മാർഗനിർദേശങ്ങൾ പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേന സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ